കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

# 2018-2019

# ഓഡിറ്റ് റിപ്പോർട്ട്


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ – എ.എൽ.പി.13-904/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ ജില്ല. തീയതി.29.11.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : - തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2018 - 19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ – എ.എൽ.പി.13-904/2019 തീയതി.29.11.2019

## ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്

## 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2018 - 19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.10.2018 മുതൽ 31.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സന്തോഷ്.കെ.വി, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.08.2019 മുതൽ 22.08.2019 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി.എ.ഡി.ബീന,സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ശ്രീദേവി.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. രാജിമോൾ.പി.സി, ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീ.പി.എസ്.ജ്യോതിസ് | 01.04.2018 മുതൽ 31.03.2019 വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീമതി.ബിജി.എസ് | 01.04.2018 മുതൽ 09.08.2018 വരെ |
| 2 | ശ്രീ.സാജുമോൻ പത്രോസ് | 10.08.2018 മുതൽ 31.03.2019 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.രേഷ്മ രംഗനാഥ് | 01.04.2018മുതൽ 31.03.2019വരെ |
| 2 | വികസനം | ശ്രീമതി.രമ മദനൻ | 01.04.2018മുതൽ 31.03.2019വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.സുധർമ്മ സന്തോഷ് | 01.04.2018മുതൽ 31.03.2019വരെ |
| 4 | ആരോഗ്യം വിദ്യാഭ്യാസം | ശ്രീമതി.ബിനിത | 01.04.2018മുതൽ 31.03.2019വരെ |

4. **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | സമീറ | 01.04.2018മുതൽ 30.11.2018 വരെ |
| | | അഞ്ജന | 01.12.2018 മുതൽ 05.02.2019വരെ |
| | | ശ്രുതി.പി.എൽ | 06.02.2019 മുതൽ 31.03.2019വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.സ്മിത വിൽസൺ | 01.04.2018മുതൽ 31.03.2019വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | മാർഗ്രറ്റ് ഷൈൻ.എ.പി | 01.04.2018മുതൽ 05.06.2018 വരെ |
| | | ഗീത.എം.കെ | 06.06.2018 മുതൽ 31.08.2018വരെ |
| | | നീതു.എൽ | 01.09.2018 മുതൽ31.03.2019വരെ |
| 5 | വി.ഇ.ഒ(തണ്ണീർമുക്കം) | പ്രമീള.പി. | 01.04.2018മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ(മുട്ടത്തിപ്പറമ്പ്) | സ്മിത.ടി.എസ്. | 01.04.2018മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ(കൊക്കോതമംഗലം) | ആശാലത വിജയൻ | 01.04.2018മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ജയന്തി.സി | 01.04.2018മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. കെ.വി.മോഹൻദാസ് | 01.04.2018മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനുപമ.എസ്.പിള്ള | 01.04.2018മുതൽ 24.07.2018 വരെ |
| | | ഡോ.കെ.ജെ.യേശുദാസ് | 25.07.2018 മുതൽ 31.03.2019 വരെ |
| 9 | ഹെഡ് മാസ്റ്റർ ഗവ.എൽ.പി.എസ്. | അംബികാദേവി | 01.04.2018മുതൽ 31.03.2019വരെ |
| 10 | അസി. എൻജിനീയർ | സീന.ജി.ആർ | 01.04.2018 മുതൽ 31.03.2019വരെ |
| 11 | അസി. സെക്രട്ടറി | ജയശ്രീ.പി.നായ്ക് | 01.04.2018 മുതൽ 31.03.2019വരെ |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | രശ്മി മാനുവൽ | 01.04.2018മുതൽ 31.03.2019 വരെ |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | അനുരാജ് | 01.04.2018മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നമ്പർ | |
|---|---|---|
| ഭാഗം 1 | | |
| 1 | 1-1മുതൽ 1-38 വരെ | ഓഡിറ്റ് റിപ്പോർട്ട് |
| ഭാഗം 2 | | |
| 2 | 2-1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| ഭാഗം 3 | | |
| 3 | 3-1 | എഞ്ചിനീയറിംഗ് വിഭാഗത്തിന് അധിക ചെലവ് വാടക, വാഹനം - നടപടിക്രമം പാലിച്ചില്ല. |
| ഭാഗം 4 | | |
| 4 | 4-1മുതൽ 4-10വരെ | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 223501000 | 230172500 |
| വാർഷിക കണക്ക് പ്രകാരം | 200616468 | 163727815 |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2018-19 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റ പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-2 വാർഷിക ധനകാര്യപത്രിക.**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 16.05.2019 |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.**

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി13-538/2019 തീ.27.06.19 | വിശേഷണങ്ങളോടു കൂടിയത്. |

**1-4 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 31619429.17 |
| വരവ് | 200616468 |
| ആകെ | 232235897.17 |
| ചെലവ് | 163727815 |
| നീക്കിയിരിപ്പ് | 68508082.17 |

**1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)**

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 27009000 | 27009000 | 27009000 | |
| വികസനഫണ്ട് എസ്.സി.പി. | | 3950000 | 3950000 | 3950000 | |
| വികസനഫണ്ട് ടി.എസ്.പി. | | 460000 | 460000 | 460000 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 7052000 | 7052000 | 6373532 | 678468 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | | 5598000 | 5598000 | 4972010 | 625990 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 12536000 | 12536000 | 12536000 | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 657758 | 46149687 | 46807445 | 25463084 | 21344361 |
| എസ്.ബി.ഐ-സാക്ഷരത | 458723 | 0 | 458723 | 649 | 458074 |
| എസ്.സി.ബി.ഡിസ്ട്രസ് റിലീഫ് ഫണ്ട് | 211986 | 7485 | 219471 | 0 | 219471 |
| എം.എൻ.ആർ.ഇ. ജി. എസ് | 6329 | 1345089 | 1351418 | 993159 | 358259 |
| എസ്.ബി.ഐ(Total Sanitation) | 4983102 | 989105 | 5972207 | 1227683 | 4744524 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | -505350 | 9574275 | 9068925 | 8167765 | 901160 |
| എ.ഡി.സി.ബി.തനത് ഫണ്ട് | 24242244 | 30882492 | 55124736 | 16910943 | 38213793 |
| ബി ഫണ്ട് | 0 | 699960 | 699960 | 699960 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ-തനത് ഫണ്ട് | 663554 | 122054 | 785608 | 324373 | 461235 |
| ക്യാഷ് (തനത്) | 315617 | 366983 | 682600 | 315617 | 366983 |
| എസ്.ബി.ഐ-സ്വച്ഛഭാരത് | 0 | 833999 | 833999 | 0 | 833999 |
| എസ്.ബി.ഐ-ഐ.സി.ഡി.എസ്. | 585306 | 384797 | 970103 | 364040 | 606063 |
| ട്രഷറി- | 160.4 | 0 | 160.4 | 0 | 160.4 |
| എച്ച്.ഡി.എഫ്.സി.ലൈഫ് | 0 | 53960000 | 53960000 | 53960000 | 0 |
| എ.ഡി.സി.ബി. | -23 | 0 | -23 | 0 | -23 |

കുറിപ്പ് : മെയിന്റനൻസ് ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 1304458/- രൂപ തൻവർഷം ചെലവഴിക്കാൻ സാധിക്കാത്തതു മൂലം നഷ്ടപ്പെട്ടു. ടി വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മറ്റ് വിഭാഗങ്ങളിൽ 100% തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

**1-6<u>പദ്ധതി അവലോകനം.</u>**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 171 | 236379996 | 127 | 127021544 | 10 | 34 | 74.26 |

**1-7 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6329 | 1345089 | 1351418 | 993159 | 358259 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 148809841 | 148809841 | 148809841 | 0 |
| ആകെ | 6329 | 150154930 | 150161259 | 149803000 | 358259 |

**1-8 <u>ക്ഷേമപദ്ധതികൾ</u>**

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 699960 | 345 |
| കർഷകതൊഴിലാളി പെൻഷൻ | 5378400 | 1271 |
| വിധവാപെൻഷൻ | 12844200 | 3200 |
| വാർദ്ധക്യകാലപെൻഷൻ | 28383900 | 6453 |
| വികലാംഗപെൻഷൻ | 7451000 | 1766 |
| 50 വയസ്സിനു മേൽ പ്രായമുള്ള | 1740600 | 422 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |

1-9 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 702/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 <u>ആഭ്യന്തരനിയന്ത്രണം.</u>

ഗ്രാമ പഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

10.തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.07.2019 | ജൂൺ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2016 | 2011-15 | 22.05.2017 |

**1-12 വാർഷിക കണക്കിലെ അപാകതകൾ**

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം 27.06.2019 ലെ കെ.എസ്.എ-എ.എൽ.പി-പി13-538/19 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതാണ്.പ്രസ്തുത സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്കു പുറമേ താഴെ ചേർക്കുന്ന അപാകതകൾ കൂടിയുള്ളതായി ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു.
(1) വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയ്ക്കായി സി.എഫ്.സി ഗ്രാന്റിൽ നിന്നും ചെലവഴിച്ച 15ലക്ഷം രൂപ വാർഷിക ധനകാര്യ പത്രികയിൽ RP-47, B-18 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർക്ക് ഡിപ്പോസിറ്റ് രജിസ്റ്ററിലും ടി തുക രേഖപ്പെടുത്തിയിട്ടില്ല.
(2) പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയ്ക്കായി സി.എഫ്.സി ഗ്രാന്റിൽ നിന്നും ചെലവഴിച്ച 2ലക്ഷം രൂപ വാർഷിക ധനകാര്യ പത്രികയിൽ RP-47 ൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-13 തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച്**

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ, സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

(എ)താഴെപ്പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഒടുക്കിയതിൽ കുറവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരൻെറ പേര്,ഉദ്യോഗപ്പേര് | സ്റ്റേറ്റ്മെൻറിൽ രേഖപ്പെടുത്തിയ വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| ഗവ.എച്ച.എസ് തണ്ണീർമുക്കം | ഷിഫാമോൾ,എച്ച്, എൽഡി.സി | 131100/- | 1250/- | 1000/- | 250 |
| കിൻഡർ ഹോസ്പിറ്റൽ | ജെൻസി ജയിംസ്, സീനി. സ്റ്റാഫ് നഴ്സ് | 125007 | 1250/- | 1000/- | 250 |
| | ബെൻസി ജോസഫ്, സീനി. സ്റ്റാഫ് നഴ്സ് | 125007 | 1250/- | 1000/- | 250 |
| | സോണി ജിമീഷ്, സീനി. സ്റ്റാഫ് നഴ്സ് | 125013 | 1250/- | 1000/- | 250 |
| | ആഷാ രമണൻ എസ്, സ്റ്റാഫ് നഴ്സ് | 125013 | 1250/- | 1000/- | 250 |
| | മനു മാത്യു, സീനി. | 125007 | 1250/- | 1000/- | 250 |

| | | | | | |
|---|---|---|---|---|---|
| | സ്റ്റാഫ് നഴ്സ് | | | | |
| | ജാൻസി ഗ്രിഗറി, സീനി. സ്റ്റാഫ് നഴ്സ് | 125013 | 1250/- | 1000/- | 250 |
| | അഞ്ജു റ്റി ആർ, സ്റ്റാഫ് നഴ്സ് | 75262 | 750/- | 600/- | 150 |
| | പ്രിയങ്കാ ജോസഫ്, സ്റ്റാഫ് നഴ്സ് | 100491 | 1000/- | 750 | 250 |
| | ഫസീനാമ്മ, ഹോസ്പിറ്റാലിറ്റി | 78442 | 750/- | 600/- | 150 |
| | മേരി ഡയാനാ പോൾ | 75083 | 750 | 600 | 150 |
| | സോണിയാ ജോസ്, സ്റ്റാഫ് നഴ്സ് | 125013 | 1250 | 1000 | 250 |
| | ശ്രീജ എൻ.എസ് | 104996 | 1000 | 750 | 250 |
| | ദീപ്തി കെ എം | 100620 | 1000 | 750 | 250 |
| ആകെ | | | | | 3200/- |

കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി)താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം |
|---|---|
| 1 | ചെങ്ങണ്ട കയർ സഹകരണ സംഘം നം.A555 |
| 2 | കൊക്കോതമംഗലം മിൽമ സൊസൈറ്റി A150D |
| 3 | വാരണം പുത്തനങ്ങാടി മിൽമ സൊസൈറ്റി |
| 4 | കട്ടച്ചിറ കയർ സഹകരണ സംഘം നം 731 |
| 5 | വാരനാട് സർവ്വീസ് സഹകരണ സംഘം നം 1248 |
| 6 | പ്രിയദർശിനി വനിത കയർ വ്യവസായ സംഘം നം.935 |
| 7 | ഇസാഫ് സ്വാശ്രയ അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റി |
| 8 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് |
| 9 | ട്രാവൻകൂർ മാറ്റ്സ് & മാറ്റിംഗ്സ് ചേർത്തല |
| 10 | പഞ്ചായത്ത് എൽ.പി.എസ്,വാരണം |
| 11 | ELONA Hospitalities പ്രൈവറ്റ് ലി. |
| 12 | ഇന്ദിരാ ജനാർദ്ദനൻ വിദ്യാമന്ദിർ |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(സി)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന അംഗീകൃത കരാറുകാർ, റേഷൻ കടയുടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഓഡിറ്റന്വേഷണത്തിനുള്ള (നം.18/17.08.19) മറുപടിയിൽ റേഷൻ കടയുടമകൾക്ക് കത്ത് നൽകിയതായും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർക്ക്

കത്ത് നൽകിയതായും അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന, നികതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | റിമാർക്ക്സ് |
|---|---|---|
| 1 | ശ്രീകണ്ഠമംഗലം ക്ഷീരോല്പാദക കോപ്പറേറ്റീവ് സൊസൈറ്റി നം.94D | രണ്ടാം അർദ്ധവർഷം ഒടുക്കിയിട്ടില്ല |
| 2 | എസ്.ബി.ഐ വാരനാട് | രണ്ടാം അർദ്ധവർഷം ഒടുക്കിയിട്ടില്ല |
| 3 | ചെങ്ങണ്ട കയർ സഹകരണ സംഘം നം.A555 | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| 4 | കൊക്കോതമംഗലം മിൽമ സൊസൈറ്റി A150D | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| 5 | വാരണം പുത്തനങ്ങാടി മിൽമ സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| 6 | കട്ടച്ചിറ കയർ സഹകരണ സംഘം നം 731 | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| 7 | വാരനാട് സർവ്വീസ് സഹകരണ സംഘം നം 1248 | ഒന്നാം അർദ്ധവർഷം അടച്ചിട്ടില്ല |
| 8 | പ്രിയദർശിനി വനിത കയർ വ്യവസായ സംഘം നം.935 | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| 9 | ഇസാഫ് സ്വാശ്രയ അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| 10 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |
| 11 | ട്രാവൻകൂർ മാറ്റ്സ് & മാറ്റിംഗ്സ് ചേർത്തല | ഒന്നും രണ്ടും അർദ്ധവർഷം അടച്ചിട്ടില്ല. |

സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

**1-14 വസ്തു നികുതി സംബന്ധിച്ച്**

പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അസസ്സ്മെൻറ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള അസ്സസ്സ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 11 മൊബൈൽ ടവറുകളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 2 ടവറുകൾ 2013-14 മുതൽ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഒരെണ്ണം 2018-19 ൽ നികുതി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ടവർ | കുടിശ്ശിക വർഷം |
|---|---|---|
| 12/436/A | M/s. Indus Towers Pvt. Ltd.<br>Palarivattam | 2018-19 |
| 21/659/A | Sub Divisional Engineer<br>B.S.S2, Alappuzha,cherthala | 2013-14മുതൽ |
| 22/90/ | Wireless T T Infro service Limited | 2013-14മുതൽ |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (നം.30/21.08.19) മറുപടിയിൽ നികുതി കുടിശ്ശിക വരുത്തിയ ടവറുടമകൾക്ക് ആർ.ആർ. നോട്ടീസ് നൽകിയതായി അറിയിച്ചു. തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)നികുതി നിർണ്ണയിച്ചതിലെ അപാകത

എ) ദിനേശൻ ബി, എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 16/ 96A എന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ് വെയറിൽ 204.96 ച.മീ ആണ്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ 207.35 ച.മീ. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ബി)വിനോദ്, കണിയാമ്പള്ളിമഠം എന്നയാളുടെ ഉടമസ്ഥതയിലുള്ള റസിഡൻഷ്യൽ കം കൊമേഴ്സ്യൽ കെട്ടിടത്തിലെ 19/88A നമ്പരിലുള്ള കെട്ടിട ഭാഗം താമസത്തിനും 19/88B,19/88C നമ്പരിലുള്ള മുറികൾ വാണിജ്യാവശ്യത്തിനുള്ളതുമാണ്. ഇവയിൽ താമസത്തിനുള്ള കെട്ടിടത്തിനു മാത്രമാണ് റോഡിന് ആനുപാതികമായ 20% വർദ്ധന വരുത്തിയിട്ടുള്ളത്. മറ്റ് രണ്ട് കടമുറികൾക്കും വർദ്ധന വരുത്തിയിട്ടില്ല.

നികുതി നിർണ്ണയത്തിലെ അപാകത പരിശോധിച്ച് ആവശ്യമെങ്കിൽ നികുതി പുനർനിർണ്ണയം നടത്തി രേഖകൾ ഹാജരാക്കേണ്ടതാണ്

**1-15 കെട്ടിട വാടക യഥാസമയം ഒടുക്കുന്നില്ല.**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓരോ കെട്ടിടങ്ങളിലെയും എല്ലാ കടമുറികളെയും സംബന്ധിച്ച വിവരങ്ങൾ, ബങ്കുകളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ വാടക ലഭ്യമാകുന്ന എത്ര മുറികൾ ഉണ്ടെന്നോ, ഒഴിഞ്ഞു കിടക്കുന്ന കടമുറികളുടെ എണ്ണം എത്രയെന്നോ വ്യക്തമല്ല.

പഞ്ചായത്തിലെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ വിവിധ ഷോപ്പിംഗ് കോംപ്ലെക്സുകളിലുള്ള ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ 2018-19 ലെ വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം | കെട്ടിടം | കെട്ടിട നം | വാടകക്കാരൻെറ പേര് | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പുത്തനങ്ങാടി തീയേറ്ററിന് സമീപമുള്ള , ഷോപ്പിംഗ് കോംപ്ലെക്സ് | XI/59 Room No.1 | ശ്രീ.പ്രദീപ് കുമാർ പി ,ജയാ നിവാസ് | 513 | 6156 |
| 2 | തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലെക്സ് | Room No.8 | ശ്രീമതി. ശാന്ത , കണ്ടമ്പള്ളി | 601 | 7212 |
| 3 | " | Room No.9 | ശ്രീ.രാജേഷ്, പടി.കൊറ്റിനാട്ട് | 712 | 6408 |
| 4 | മുട്ടത്തിപ്പറമ്പ് ഷോപ്പിംഗ് കോംപ്ലോക്സ് | Room No.4 | സന്തോഷ് കുമാർ സി.ആർ | 588 | 270/- |
| 5 | വെള്ളിയാകുളം വനിതാ വിപണന കേന്ദ്രം | Room No.4 | രജിതാ ദീപു, ദീപു നിവാസ് | 5238 | 62856 |
| 6 | " | മുകളിലത്തെ ഹാൾ | രജനി പി, ചെട്ടുപറമ്പിൽ | 4156 | 20780 |
| 7 | മുട്ടത്തിപ്പറമ്പ് മാർക്കറ്റിനടുത്തുള്ള കിയോസ്ക്ക് | | ഹരിദാസ് മൂലേച്ചിറ | 175 | 2100 |
| | ആകെ | | | | 105782 |

ക്രമനം 2 ലെ വാടകക്കാരനൊഴികെ മേൽ കുടിശ്ശികക്കാരിൽ ആരും കരാർ വച്ചിട്ടില്ല. ഇവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഇതേ ആളുകൾ തന്നെയാണ് 2019-20 ലും പ്രസ്തുത കടമുറികളിൽ തുടർന്ന് വരുന്നത്. ഓരോ വർഷവും പ്രതിമാസവാടകയിൽ 5% വർദ്ധന വരുത്തുന്നുണ്ടെങ്കിലും വളരെ തുച്ഛമായ വാടകയാണ് ഈടാക്കി വരുന്നത്. വാടക വർദ്ധനയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. കൂടാതെ മുൻ വർഷങ്ങളിലെ വാടക ഇനത്തിലെ അരിയർ തുകയായ 11588/-രൂപയും ലേലം ഇനത്തിലെ 1115/- രൂപയും ഒടുക്കിയിട്ടില്ല. ഈ തുകയും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/17.08.19) നൽകിയ മറുപടിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതാണെന്നും വാടക ഇനത്തിലെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വാടക കുടശ്ശിക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

**1-16 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച്**

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ)റേഷൻകടകൾ, കള്ള്ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ (പട്ടിക ക്രമ നം-149), കള്ള് ഷാപ്പുകൾ (ക്രമ നം-139) എന്നിവയ്ക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള (നം.29/.8.19) മറുപടിയിൽ പഞ്ചായത്തിലെ മുഴുവൻ റേഷൻ വ്യാപരികൾക്കും കത്ത് നൽകിയിട്ടുണ്ടെന്നും കള്ള് ഷാപ്പുകൾക്ക് ലൈസൻസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ വ്യാപാരങ്ങൾക്കും നിയമാനുസൃതം ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ബി)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന എല്ലാ വ്യാപാര വ്യവസായങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലൊരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്ററിൽ 2018-19 വർഷത്തേക്ക് ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ ആകെ ബിസിനസ് സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരശേഖരണം, തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിവരങ്ങൾ, കെട്ടിട നം, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ഫീസ് എന്നിവയടങ്ങിയ സമഗ്രമായ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

സി) പഞ്ചായത്തിലെ വാർഡ് 11ൽ പ്രവർത്തിച്ചുവരുന്ന സർവ്വീസ്ഡ് വില്ല & റിസോർട്ട് എന്ന സ്ഥാപനം 2018-19 ൽ ലൈസൻസ് പുതുക്കാതെയാണ് പ്രവർത്തിച്ചത്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. 2019-20 ൽ ലൈസൻസ് പുതുക്കിയിട്ടുണ്ട്. ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ എഗ്രിമെൻറിലുണ്ടായ പിശകുകൾ മൂലമാണ് 2018-19 ൽ ലൈസൻസ് പുതുക്കാതിരുന്നതെന്നും ലൈസൻസ് ഫീസ് ഫൈൻ സഹിതം ഈടാക്കുന്നതാണെന്നും അറിയിച്ചു. ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-17 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 50മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 85570/- രൂപ ജില്ലാപഞ്ചാത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവു വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-18 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി, മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും അത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2013-14 മുതൽ 2018-19 വരെ 628598/- രൂപ നിക്ഷേപമിനത്തിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. നീക്കിയിരുപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരം സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ടി വിഷയത്തിൽ സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനായി കമ്മറ്റി തീരുമാനം എടുത്തതായി അറിയിച്ചിട്ടുണ്ട്. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-19 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട്- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/9.8.19) അസി.എഞ്ചിനിയർ മറുപടി ഹാജരാക്കിയിട്ടില്ല.

തൻവർഷം ടി ഇനത്തിൽ പഞ്ചായത്ത് ഒടുക്കിയ തുകയിൽ നിന്നും കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**1-20 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല**

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എസം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/ അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/ പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

**1-21 ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡിപ്പോസിറ്റായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | തുക | ബിൽ നം. / തീയതി | പരാമർശം |
|---|---|---|---|---|---|
| 1 | വാർഡ് 8 ൽ പൈപ്പ് ലൈൻ നീട്ടൽ (121/19) | കേരള വാട്ടർ അതോറിറ്റി | 200000 | 16/ 23.10.18 | വാട്ടർ അതോറിറ്റിയുമായി 30.10.18 ൽ ചമച്ചിട്ടുള്ള കരാർ പ്രകാരം പ്രവൃത്തി 2019 ജനുവരി 31 നുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. |
| 2 | വിവിധ വാർഡുകളിൽ വൈദ്യുതിലൈൻ | കെ.എസ്. ഇ.ബി | 3220207 | 23/22.1.19- 1500000 | പദ്ധതി നിർവ്വഹണത്തിനായി കെ.എസ്. ഇ.ബി യുമായി കരാർ ചമച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ (120/19) | | | 504550/ 22.3.19– 1720207/- | |
| 3 | ബസ് സ്റ്റാന്റിൽ വൈദ്യുതി കണക്ഷൻ (159/19) | കെ.എസ്. ഇ.ബി | 51548 | 2471321/ 24.7.18 | പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | | 3471755 | | |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/9.8.19) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും, കെ.എസ്.ഇ.ബി നിലവിലും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഡിപ്പോസിറ്റ് ഇനത്തിൽ നൽകിയ 3471755/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-22 എൽ.എസ്.ജി.ഡി.എൻജിനിയറിംഗ് വിഭാഗം വാഹനം വാടകയ്ക്ക് എടുത്തത്- നടപടിക്രമത്തിലും തുക നൽകിയതിലുമുള്ള അപാകതകൾ**

ഗ്രാമ പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിന് സൈറ്റുകൾ സന്ദർശിക്കുന്നതിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതിനും ട്രിപ്പ് ഷീറ്റ്, യാത്ര സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും എൽ.എസ്.ജി.ഡി.അസി.എഞ്ചിനീയറെ ചുമതപ്പെടുത്തി 29.08.2018 ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്
(തീരുമാനം നം.1-11). ഇതുപ്രകാരം ഗ്രാമ പഞ്ചായത്തിലെ അസി.എൻജിനീയർ വാഹനം വാടകയ്ക്ക് എടുക്കുകയും, സെപ്റ്റംബർ 2018 ൽ 9 ദിവസവും ഒക്ടോബർ മാസം 23 ദിവസവും 1,300/- നിരക്കിൽ ശ്രീ.ദിന എന്നയാൾക്ക് 41,600/- വാടകയിനത്തിൽ തനത്ഫണ്ടിൽ നിന്ന് നൽകുകയും ചെയ്തിട്ടുണ്ട് (വാഹന നമ്പർ -KL 32 M 2777). എന്നാൽ വാഹനം വാടകയ്ക്ക് എടുത്തത് സംബന്ധിച്ച കരാർ, ട്രിപ്പ് ഷീറ്റ്, യാത്ര സംബന്ധിച്ച വിവരങ്ങൾ എന്നിവയൊന്നും ഇല്ലാതെ തന്നെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് വാടക നൽകിയിരിക്കുന്നത്.

(ബി) തുടർന്ന് 04.03.2018 ലെ സ.ഉ.(സാധാ) നം. 690/18 ന്റെ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അസി.എഞ്ചിനിയർ 29.08.18ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഹരികുമാർ, വടക്കേകുളത്തിൽ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്(വാഹന നമ്പർ-KL39E 5066). ഹരികുമാർ വാഹനം ശ്യാംജിത്ത്,വെളുത്തേടത്ത്ചിറ എന്ന വ്യക്തിക്ക് കൈമാറിയതിനാൽ ടിയാനുമായിട്ടാണ് അസി.എൻജിനീയർ 05.11.2018ൽ കരാറിൽ ഒപ്പിട്ടിരിക്കുന്നത്. കരാർ പ്രകാരം കി.മീ. 15രൂപയും detension 425/-രൂപയുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കരാർ കാലയളവിന് മുൻപ് നൽകിയിരുന്ന വാടകയായ ദിവസം 1,300/- എന്ന നിരക്കിൽ തന്നെയാണ് പിന്നീടും തുക നൽകിയിരിക്കുന്നത്. വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള ലോഗ് ബുക്ക് പ്രകാരം 02.11.18 മുതൽ ടി വാഹനം ഓടിയിട്ടുള്ളതായി കാണുന്നു. വാഹനത്തിന്റെ നമ്പർ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ശ്യാംജിത്തുമായി കരാർ നിലവിലുള്ള 2018 നവംബർ മുതൽ 2019 ഫെബ്രുവരി വരെയുള്ള കാലയളവിലും KL 32 M 2777 നമ്പർ വാഹനത്തിന്റെ ഉടമയായ ദിന എന്നയാൾക്കാണ് ടിയാളുടെ അപേക്ഷപ്രകാരം തുക നൽകിയിരിക്കുന്നത്. 2019 മാർച്ച് മാസം മുതൽ വാഹനം ഓടിയതിന്റെ വാടക മാത്രമാണ് ശ്യാംജിത്തിന് നൽകിയിട്ടുള്ളത്.

(സി) സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് തനത് ഫണ്ടിൽ നിന്ന് പ്രതിവർഷം ചെലവഴിക്കാവുന്ന പരമാവധി തുക 75,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. (സ.ഉ(സാധാ)നം.2493/2012/തസ്വഭവ.തീയതി 03.09.12).എന്നാൽ 2018സെപ്റ്റംബർ മുതൽ മാർച്ച് വരെയുള്ള ആറ് മാസകാലയളവിൽ തന്നെ ആകെ 1,88,500/- രൂപ ഈയിനത്തിൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

(ഡി) ലോഗ് ബുക്ക് പരിശോധിച്ചതിൽ 2018 നവംബർ മാസം 17 ദിവസമാണ് വാഹനം ഓടിയിട്ടുള്ളത്. എന്നാൽ 22 ദിവസത്തെ വാടക ശ്രീ.ദിനവിന് നൽകിയിട്ടുണ്ട്

നൽകിയ തുക22 x 1300=28600(ചെക്ക് നം. 47607തീയതി20.02.19)

നൽകേണ്ടതുക 17 x 1300=22100

അധികം നൽകിയത്-6,500/-രൂപ

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/23.08.19) മറുപടി ലഭ്യമാക്കിയില്ല.

വാഹന വാടക അധികം നൽകിയ 6,500/- രൂപ തിരികെ ഈടാക്കി അറിയ്ക്കേണ്ടതാണ്. കൂടാതെ രേഖകളില്ലാതെ 41600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയിത്തിലേയ്ക്ക് ക്ഷണിക്കുന്നു.

**1-23 ഓണം അഡ്വാൻസ്- നൽകിയ തുക പൂർണമായി തിരികെ ഈടാക്കിയിട്ടില്ല**

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.സിജിമോൾ.എൻ.എസ്. 15,000/-രൂപ ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ട്. (വൗച്ചർ നം.21800421 തീയതി.21.08.18) ഇതിൽ 9,000/- രൂപയാണ് മാത്രമാണ് തിരികെ ഒടുക്കിയിട്ടുള്ളത്. ശ്രീമതി.സിജിമോൾ.എൻ.എസ് ഡിസംബർ 2018 മുതൽ മൂന്ന് മാസം ശൂന്യവേതന അവധിയിലായിരുന്നു എന്നും തുടർന്ന് സ്ഥലം മാറ്റം ലഭിച്ച് പോയി എന്നും ടി ഓഫീസിലും ലീവിലായിരുന്നു എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.19/17.08.19) മറുപടി നൽകിയിട്ടുള്ളത്. അഡ്വാൻസ് കൈപ്പറ്റിയതിൽ തിരികെ ഒടുക്കാൻ ബാക്കി നിൽക്കുന്ന 6,000/- രൂപ ഈടാക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**1-24 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ്**

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇങ്ങനെ ചെയ്യുമ്പോൾ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക നൽകിയതുവഴി കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | മാവിലൂർ ഇണ്ടിക്കഴി റോഡ് ടാറിംഗ് (15/19) ശ്രീ.വി.എസ്.ശ്രീകുമാർ, പി.എ.സി- 639054/- പ്രവൃത്തിമൂല്യം- 633500/- | 27.7.18 180 ദിവസം 27.1.2019 | 20.2.2019 | 6391 (1%) | ബിൽ നം. 40/18-19/ 19.3.19 |
| 2 | ചെറിയാത്തുംതറ ചള്ളിയിൽ റോഡ് ടാറിംഗും പാർശ്വ ഭിത്തി നിർമ്മാണവും(17/19) ശ്രീ.സജിമോൻ.പി.എസ് | 27.7.18 180 ദിവസം 27.1.2019 | 13.3.2019 | 5999 (1%) | ബിൽ നം. 33/18-19/ |

| | | | | | |
|---|---|---|---|---|---|
| | പി.എ.സി- 599938/-<br>പ്രവൃത്തിമൂല്യം- 586856/- | | | | 15.3.19 – 418287/-<br>48/18-19/<br>26.3.19 – 168569/- |
| 3 | തണ്ണീർമുക്കം ബസ് സ്റ്റാന്റ് വൈദ്യുതീകരണം (159/19)<br>ശ്രീ.അജിത്പ്രസാദ്<br>പി.എ.സി - 199870/-<br>പ്രവൃത്തിമൂല്യം- 192913/- | 15.3.18<br>1മാസം<br>14.4.18 | 23.5.18 | 5996<br>(3%) | 12/18-19/<br>15.10.18 |
| | ആകെ | | | 18386 | |

ക്രമ നം.(1,2) - എന്നീ പ്രവൃത്തികളിൽ

ബിറ്റുമിൻ ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാ എന്നും ആയതിനാൽ പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചു നൽകണമെന്നുള്ള കരാറുകാരുടെ അപേക്ഷകൾ (ക്രമ നം.(1) ൽ തീയതി രേഖപ്പെടുത്തിയിട്ടില്ല) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ നിശ്ചിത പത്രികയിൽ സമർപ്പിക്കുകയോ ബന്ധപ്പെട്ട അസി.എഞ്ചിനിയർ ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. യഥാസമയം ബിറ്റുമിൻ ലഭ്യമാക്കാതിരുന്നത് കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. മാത്രമല്ല, ഇതേ കാലയളവിൽ കരാർ ചമച്ചിട്ടുള്ള മറ്റ് ടാറിംഗ് പ്രവൃത്തികൾ യഥാസമയം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും ബിറ്റുമിൻ ലഭിക്കുന്നതിൽ തടസ്സമില്ല എന്നത് വ്യക്തമാണ്.

ക്രമ നം.(3) ആയി സൂചിപ്പിച്ച

പ്രവൃത്തിയുടെ സാങ്കേതികാനുമതി പത്രികയിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിരിക്കുന്നത് ഒരു മാസമാണ്. ആയത് പ്രകാരം പ്രവൃത്തി 14.4.18 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 23.5.18 ലാണ്. കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകുന്നതിനായി നിയമ പരമായി അപേക്ഷ നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.      ) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

നിയമപരമായ നടപടിക്രമങ്ങൾ പാലിക്കാതെ കരാറുകാരെ പിഴയുടെ ബാധ്യതയിൽ നിന്നും ഒഴിവാക്കിയത് ക്രമവിരുദ്ധമാണ്. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**1-25 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-**

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് (TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(4) ഭൂരിഭാഗം വർക്ക് ഫയലുകളിലും സൂക്ഷിച്ചിട്ടുള്ള പ്രിലിമിനറി എഗ്രിമെന്റിൽ

ആവശ്യമായ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ബ്ലാങ്ക് മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(5) പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(4) പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 വർഷം നടപ്പാക്കിയ 31പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽസ് ടെണ്ടർ ക്ഷണിച്ച് വിവിധ കരാറുകാരിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

(1)നിയമ പരമായി കരാർ ചമച്ചിട്ടില്ല.

പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയൽസ് ടെണ്ടർ നടപടി ക്രമത്തിലൂടെയാണ് വാങ്ങിയിട്ടുള്ളതെങ്കിലും കരാറുകാരുമായി നിയമ പരമായി ചമയ്ക്കേണ്ട പ്രാഥമിക കരാർ, കരാർ എന്നിവ കൃത്യമായി തയ്യാറാക്കിയിട്ടില്ല. കരാറുകാരൻ ഒപ്പ് രേഖപ്പെടുത്തിയ ബ്ലാങ്ക് മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിതരണം ചെയ്യേണ്ട സാധനങ്ങളുടെ വിവരം, അളവ്, നിരക്ക് എന്നിവയൊന്നും കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.

(2)GST ഇനത്തിൽ 2% റ്റി.ഡി.എസ് ഈടാക്കാതെ കരാറുകാരന് തുക അനുവദിച്ചു.

GST രജിസ്ട്രേഷനുള്ള കരാറുകാരൻ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ മൂല്യം 2.5 ലക്ഷം രൂപയിലധികമായാൽ 2% റ്റി.ഡി.എസ് ഇനത്തിൽ ഈടാക്കി തൊഴിലുറപ്പു പദ്ധതി മിഷൻ ഡയറക്ടറുടെ 29.09.18 ലെ 2026/ഇ.ജി.എസ്.എഫ്/18/ ആർ.ഇ.ജി.എസ് നം.സർക്കുലർ ശേഷിച്ച തുക മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടത്. ഇവിടെ 31 പ്രവൃത്തികൾക്കായി ആകെ 8300524/- രൂപയുടെ മെറ്റീരിയൽസ് കരാറുകാരിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും നിയമ പ്രകാരം റ്റി.ഡി.എസ് ആയി ഈടാക്കേണ്ട 2% GST തുക ഈടാക്കിയിട്ടില്ല.

(3) ചെയ്യാത്ത പ്രവൃത്തി അളവ് ബുക്കിൽ ചെയ്തതായി രേഖപ്പെടുത്തിയിരുക്കുന്നു.

എല്ലാ പ്രവൃത്തികളിലും അവസാന ഇനമായി നെയിംബോർഡ് സ്ഥാപിച്ചതിനുള്ള ചെലവായി 5000/- രൂപ നിരക്കിൽ അളവ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം പ്രവൃത്തികളിലും ഇത്തരത്തിലുള്ള ബോർഡ് സ്ഥപിച്ചിട്ടില്ലാത്തതായി കാണുന്നു. ബോർഡ് സ്ഥാപിക്കാതെ ടി ഇനത്തിൽ ചെലവ് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(4) ചെലവുകൾ സെക്രട്ടറി പാസ്സാക്കിയിട്ടില്ല

പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ച് കരാറുകാർക്ക് തുക നൽകിയിട്ടുണ്ടെങ്കിലും പ്രവർത്തികളുടെ അളവു പുസ്തകങ്ങളിലോ, ബില്ലിലോ സെക്രട്ടറി ചെലവു തുക പാസ്സാക്കിയതായി രേഖയില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ചെലവുതുക അംഗീകരിക്കാൻ ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥൻ സെക്രട്ടറിയാണെന്നിരിക്കെ ടിയാന്റെ അനുമതി കൂടാതെ തുക അനുവദിക്കുന്ന നടപടി ക്രമപ്രകാരമല്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത അപാകതകളെല്ലാം പരിഹരിച്ച് വിവരം അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-27 തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല**

1. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ സാന്ത്വനം-പാലിയേറ്റീവ് പരിചരണം പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി (പ്രോജക്ട് നം. S0004/19) പ്രൊഫോർമ ഇൻവോയ്സ് നം. PRF.1748/16.10.18 പ്രകാരം 6,28,900/-രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (ബിൽനം.10, തീയതി.30.10.18) നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളോ ഉപകരണങ്ങളോ ലഭിച്ചിട്ടില്ല.

കൂടാതെ 2018-19 ൽ സ്പിൽഓവറായി നടപ്പാക്കിയ സാന്ത്വനം പദ്ധതിയുമായി ബന്ധപ്പെട്ട് ബിൽ നം. 1, 28.5.18 പ്രകാരം പിൻവലിച്ച 92202/-രൂപയിൽ 59684/-രൂപ മരുന്ന് വാങ്ങുന്നതിനായി (പ്രൊഫോർമ ഇൻവോയ്സ് നം. 4477/24.2.18, 1517/24.2.18) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചിട്ടില്ല. (2017-18 ഓഡിറ്റ് റിപ്പോർട്ട് ഖ.3-5 ൽ പ്രതിപാദിച്ചിരുന്നെങ്കിലും 28.03.18 ൽ സമർപ്പിച്ച ബിൽ ക്യൂവിൽ ആയതിനാൽ 2018-19 സാമ്പത്തിക വർഷത്തിലാണ് തുക മാറിയിട്ടുള്ളത്)

മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.25/18-19 തീ.20.08.19) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. മരുന്നിനായി ചെലവഴിച്ച 688584/-രൂപ (6,28,900+59684) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. S0079/19) പദ്ധതിയുമായി ബന്ധപ്പെട്ട് 3,00,000/-രൂപ(മെയിൻറനൻസ് ഫണ്ട് നോൺ റോഡ്) ബിൽ നം. 01/18-19,തീയതി 15.09.18 പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം LF-136, dt 09.05.19 പ്രകാരം 214075/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് 04/06/19 ൽ ഹോംകോയ്ക്ക് കത്ത് നൽകിയെന്നും മരുന്നുകൾ താമസിയാതെ ലഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്. മരുന്നിനായി നൽകിയ തുകയിൽ ലഭിക്കാനവശേഷിക്കുന്ന 85925/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

**1-28 എൽ.ഇ.ഡി.തെരുവ് വിളക്കുകൾ സ്ഥാപിക്കൽ – പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.**

2018-19 വർഷം വികസനഫണ്ടിൽ (ധനകാര്യകമ്മീഷൻ ഗ്രാൻറ്) നിന്നും 1000000 രൂപ വകയിരുത്തി, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടാണ്, എൽ.ഇ.ഡി.തെരുവ് വിളക്കുകൾ സ്ഥാപിക്കൽ (പ്രോജക്ട് നം S0123/19).

അംഗീകരിച്ച പ്രോജക്ട് പ്രകാരം, പഞ്ചായത്തിലെ 23 വാർഡുകളിലായി 299 എൽ.ഇ.ഡി.തെരുവ് വിളക്കുകൾ സ്ഥാപിക്കുകയാണ് ലക്ഷ്യം(ഓരോ വാർഡിലും 13 വീതം). കേരള റൂറൽ എംപ്ളോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി യും (KREWS) പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ (കരാർ ഉടമ്പടി നം.5/SEC/18-19 തീയതി.8.11.18), ഉപഖണ്ഡിക 8 ൽ കരാറുകാരൻ സാധനങ്ങൾ വിതരണം ചെയ്ത് ബില്ല് (ടാക്സ് ഉൾപ്പടെ) ലഭ്യമാക്കി 15 ദിവസത്തിനകം വിതരണം ചെയ്ത സാധനസാമഗ്രികളുടെ വില കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതും , ബാക്കി തുക ടി സാധനസാമഗ്രികൾ സ്ഥാപിച്ചശേഷം കരാറുകാരന്റേയും ബന്ധപ്പെട്ട വാർഡ് മെമ്പർ/ പ്രസിഡന്റ് എന്നിവരുടേയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കൈമാറുന്നതുമാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

KREWS ന്റെ 31.10.18 തീയതിയിലെ KREWS/56/18-19 നം.ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | GST Rate | Quantity | Rate | Amount |
|---|---|---|---|---|
| 24 W LED Street Light Automatic Operation Including Installation | 12% | 299 Nos | 2906.25 | 868968.75 |
| SGST | | | | 52138.13 |
| CGST | | | | 52138.13 |
| TOTAL | | | | 973245 |

സെക്രട്ടറിയുടെ 26.03.19 തീയതിയിലെ സി-1622/18 നം. കത്തിൽ, വിതരണം ചെയ്ത ലൈറ്റുകളുടെ ഇൻസ്റ്റലേഷൻ നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. തുക പൂർണ്ണമായും കൈപ്പറ്റിയതിനാൽ വിളക്കുകൾ അടിയന്തിരമായി സ്ഥാപിച്ചുതരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് KREWS അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 20.02.19തീയതിയിലെ 42(12) നം.പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജിനത്തിലെ തുക തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. KREWS ന്റെ ഇൻവോയ്സ് പ്രകാരം, എൽ.ഇ.ഡി.വിളക്കുകൾ സ്ഥാപിച്ചു തരുന്നതിനുള്ള ചെലവ് തുകയാണ് ,നികുതി ഉൾപ്പടെ 973245/-രൂപ. എന്നാൽ കരാർ പ്രകാരം, സാധനസാമഗ്രികളുടെ വിലനൽകി, വിളക്കുകൾ സ്ഥാപിച്ചശേഷമാണ് ഇൻസ്റ്റലേഷൻ ചാർജിനത്തിലെ തുക നൽകേണ്ടത്. ഈ വ്യവസ്ഥ വ്യതിചലിച്ച് 973245/- രൂപ KREWS ന് ബിൽ നം. 17/18 തീയതി.21.11.18 പ്രകാരം നൽകി

2. പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. സെക്രട്ടറിയുടെ 26.03.19 തീയതിയിലെ സി-1622/18 നം.കത്തിൽ വിതരണം ചെയ്ത ലൈറ്റുകളുടെ ഇൻസ്റ്റലേഷൻ നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നും തുക പൂർണ്ണമായും കൈപ്പറ്റിയതിനാൽ വിളക്കുകൾ അടിയന്തിരമായി സ്ഥാപിച്ചുതരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും KREWS അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

4. ലഭ്യമാക്കിയ 299 എൽ.ഇ.ഡി.തെരുവ് വിളക്കുകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5. കരാറിലെ വ്യവസ്ഥ പ്രകാരം, വാർഡുകളിലായി എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ചതായോ, ആയവ പ്രവർത്തനക്ഷമമാണെന്നോ കരാറുകാരന്റേയും ബന്ധപ്പെട്ട വാർഡ് മെമ്പർ/പ്രസിഡന്റ് എന്നിവരുടേയും സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6. എൽ.ഇ.ഡി.ലൈറ്റുകൾക്ക് ആയത് വിതരണം ചെയ്ത തീയതി മുതൽ 24 മാസത്തെ വാറണ്ടിയാണ് സ്ഥാപനം കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ലൈറ്റുകൾ വിതരണം ചെയ്ത് 10 മാസം കഴിഞ്ഞിട്ടും ആയത് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ വാറണ്ടിയുടെ പൂർണ്ണമായ പ്രയോജനം ലഭ്യമാകുന്നില്ല. 299 ലൈറ്റുകളും നിലവിൽ സ്റ്റോർ റൂമിൽ കൂട്ടിയിട്ടിരിക്കുകയാണ്. ലൈറ്റുകൾ വാങ്ങി നാളിതുവരെയായിട്ടും ഉപയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയവയുടെ പ്രവർത്തനക്ഷമതയും സംശയാസ്പദമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം രേഖാമൂലം ലഭ്യമാക്കുന്നതിന് 06.08.19 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.1ന് താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

പുതുതായി വലിക്കുന്ന സ്ട്രീറ്റ് ലൈനുകളിൽ ഇടുന്നതിനായിട്ടാണ് എൽ.ഇ.ഡി.വിളക്കുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ കെ.എസ്.ഇ.ബി. കൃത്യസമയത്ത് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സാധിച്ചില്ല. ഇതുമൂലം വാർഷികപദ്ധതി അവസാനിച്ചാൽ പദ്ധതിപ്പണം നഷ്ടപ്പെടാൻ സാധ്യതയുള്ളതിനാലാണ് സർക്കാർ ഏജൻസിയായ ക്രൂസിന് ഇൻസ്റ്റലേഷൻ ചാർജുൾപ്പടെ നൽകിയിട്ടുള്ളത്. വിതരണം ചെയ്ത തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ക്രൂസിന് കത്ത് നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് വലിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കെ.എസ്.ഇ.ബി. അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. മെറ്റീരിയൽ ഇല്ലാത്തതാണ് പ്രവൃത്തി താമസിക്കുന്നതിന് കാരണമായി കെ.എസ്.ഇ.ബി. ബോധിപ്പിച്ചത്. ഒരു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്താതിരുന്നത് കരാർ ചമയ്ക്കുന്ന വേളയിൽ വിട്ടുപോയിട്ടുള്ളതാണ്. മേലിൽ ശ്രദ്ധിക്കുന്നതാണ്. വാങ്ങിയിട്ടുള്ള 229 എൽ.ഇ.ഡി.ലൈറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിന് വിട്ടുപോയിട്ടുള്ളതാണ്. നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എൽ.ഇ.ഡി.തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാലാണ് സാക്ഷ്യപത്രം ഹാജരാക്കാൻ സാധിക്കാഞ്ഞത്. വിളക്കുകൾ ഒരു മാസത്തിനുള്ളിൽ സ്ഥാപിക്കുകയും അതിനുശേഷം സാക്ഷ്യപത്രം ഹാജരാക്കുന്നതാണ്.വാങ്ങിയ ലൈറ്റുകളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തി സ്ഥാപിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ്ട്രീറ്റ് ലൈൻ വലിക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലൈറ്റുകൾ വാങ്ങുന്നതിന് മാത്രം പദ്ധതിപ്പണം ചെലവഴിച്ചതിനാൽ പദ്ധതിയുടെ പൂർണ്ണപ്രയോജനം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 973245/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

നിർവ്വഹണം - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിന്റെ 17-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തണ്ണീർമുക്കം മാർക്കറ്റിലും, 4 സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും സ്പിൽ ഓവറായി തൻവർഷം പ്ലാന്റ്

സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണം സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനം വഴിയാണ് നടത്തിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് വിവരം | എസ്റ്റിമേറ്റ് | പരാമർശം |
|---|---|---|---|---|
| 1 | 170/18 | സ്കൂളുകൾക്ക് ബയോഗ്യാസ് പ്ലാന്റ് | 4യൂണിറ്റ് @ 200000 = 800000 | 25 kg മാലിന്യ സംസ്കരണ ശേഷി |
| 2 | 171/18 | തണ്ണീർമുക്കം മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് | 1യൂണിറ്റ് @ 400000 | 50 kg മാലിന്യ സംസ്കരണ ശേഷി |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി 28.03.18 ൽ കരാറിൽ ഏർപ്പെടുകയും 31.0 .18 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന് നൽകിയിട്ടുള്ള വർക്ക് ഓർഡറിൽ പ്രവൃത്തി 31.07.18 നുള്ളിൽ (4 മാസ കാലാവധി) പൂർത്തീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% മുൻകൂറായി നൽകുകയും തുടർന്ന് പ്രവൃത്തി പൂർത്തിയായതായി ഏജൻസി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക (ട്രയൽ റൺ ഇനത്തിലുള്ള തുക ഒഴികെ) സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പേര് വിവരം | പ്രവൃത്തി പൂർത്തീകരിച്ച തീയതി | എം.ബുക്ക് നമ്പർ | പ്രവൃത്തിമൂല്യം | ചെക്ക് നം./ തീയതി | തുക |
|---|---|---|---|---|---|---|
| 1 | ജിഎൽപിഎസ്, വാരനാട് | 6.8.18 | 22 | 147839 | 2471322/ 25.7.18 (മുൻകൂർ) | 160000 |
| 2 | ജിഎൽപിഎസ്, വാരണം | 10.10.18 | 25 | 148403 | 2471388/12.12.18 | 202267 |
| 3 | ജിഎൽപിഎസ്, മരുത്തോർവട്ടം | 19.12.18 | 32 | 148403 | 2471389/12.12.18 | 13975 |
| 4 | യുപിഎസ്, വേല്യാകുളം | 17.3.19 | 38 | 148403 | 549994/ 21.2.19 | 336171 |
| | | | | | 912066/ 25.3.19 | 108403 |
| 5 | തണ്ണീർമുക്കം മാർക്കറ്റ് | 11.9.18 | 23 | 307768 | 2471323/25.7.18 (മുൻകൂർ) | 80000 |
| | **ആകെ** | | | **900816** | | **900816** |

പദ്ധതി നിർവ്വഹണത്തിൽ താഴെ ചേർത്തിരിക്കുന്ന അപാകതകളുണ്ടായിട്ടുള്ളതായി കാണുന്നു.

1.ഏജൻസിയ്ക്കു നൽകിയിട്ടുള്ള വർക്ക് ഓർഡർ പ്രകാരം പ്രവൃത്തി 31.7.18 നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഏറ്റെടുത്ത പ്രവൃത്തികളിൽ ഒന്നുപോലും നിർദ്ദിഷ്ട സമയ പരിധിയിൽ പൂർത്തീകരിച്ചില്ല. കരാറിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയത് ക്രമ വിരുദ്ധമാണ്. 17.3.19 ലാണ് അവസാന യൂണിറ്റ് പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. എം.ബുക്കിലെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ് പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതായി ഏജൻസി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രയൽ റണ്ണിനത്തിൽ വകയിരുത്തിയ തുകയും (6 മാസത്തെ ട്രയൽ) നികുതികളും കുറവ് ചെയ്ത് സ്ഥാപനത്തിന് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ബയോഗ്യാസ് യൂണിറ്റുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് ഇൻസ്റ്റലേഷൻ നടത്തി എന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതരോ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തി നൽകുകയോ, മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

2. ക്രമനം.4 പ്രകാരമുള്ള യൂണിറ്റ് ഒഴികെ ബാക്കി എല്ലാ യൂണിറ്റുകളുടേയും ട്രയൽ റൺ പൂർത്തീകരിക്കേണ്ട കാലയളവ് കഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ ട്രയൽ നടത്തിയത് സംബന്ധിച്ചുള്ള യാതൊരു വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ചുള്ള വിവരങ്ങളൊന്നും തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. യൂണിറ്റുകളുടെ ട്രയൽ റൺ നടത്തിയ വിവരങ്ങൾ, നിലവിലെ സ്ഥിതി എന്നിവ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. അക്രഡിറ്റഡ് ഏജൻസി മുഖേന നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടത് തദ്ദേശസ്ഥാപനത്തിന്റെ അസി.എഞ്ചിനിയറാണ്. തനത് സാങ്കേതിക വിദ്യയുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിലും ബന്ധപ്പെട്ട അസി.എഞ്ചിനീയർ അളവുകൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. (ജി.ഒ(എം.എസ്)133/07/തസ്വഭവ/തീയതി.18.5.2007) എന്നാൽ ഇവിടെ അത്തരത്തിലുള്ള നടപടി ക്രമങ്ങൾ പാലിക്കാതെ തുക മാറി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് എം.ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

4. ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള നികുതികളുടെയും മറ്റും ഒടുക്കൽ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/19.8.19) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും പ്രവൃത്തികൾ നിർവഹിക്കുമ്പോഴും പാലിക്കേണ്ട നിർദ്ദേശങ്ങൾ ജി.ഒ(പി) 259/10 തസ്വഭവ. 08.11.10 ഉത്തരവിൽ കൃത്യമായി നിർദ്ദേശിക്കുന്നുണ്ട്. വാങ്ങൽ നടപടി ക്രമങ്ങളിലെ സുതാര്യത ഉറപ്പ് വരുത്തുക എന്നതാണ് ഈ മാർഗ്ഗരേഖയുടെ മുഖ്യ ലക്ഷ്യം.

സെക്രട്ടറി അഥവാ നിർവഹണ ഉദ്യോഗസ്ഥൻ നേതൃത്വം നല്കുന്ന ഒരു വാങ്ങൽ ടീം തദ്ദേശ സ്ഥാപനത്തിൽ രൂപീകരിക്കേണ്ടതും സ്ഥാപനത്തിലെ വാങ്ങൽ പ്രക്രീയകളിൽ വ്യക്തമായ നിർദ്ദേശങ്ങളും പരിശോധനകളും മേൽനോട്ടവും ഈ വാങ്ങൽ ടീം നിർവഹിക്കേണ്ടതും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. വാങ്ങൽ പ്രക്രിയയിലെ നിർണ്ണായക ഘട്ടങ്ങളിൽ പർച്ചേസ് കമ്മറ്റിയുടെ സജീവ സാന്നിധ്യം ഉറപ്പ് വരുത്തുക, സാധനങ്ങളുടെ ഗുണനിലവാരം, സാധനങ്ങൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുക എന്നിവയാണ് ഈ കമ്മറ്റിയുടെ ധർമ്മങ്ങൾ.

പഞ്ചായത്തിൽ ഇപ്രകാരമൊരു വാങ്ങൽ ടീം രൂപീകരിച്ചിട്ടുണ്ടെങ്കിലും 18-19 ൽ പഞ്ചായത്തിൽ സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നടത്തിയ വിവിധ പർച്ചേസുകളിൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മേൽനോട്ടവും ഇടപെടലും ഒട്ടും തന്നെ ഉണ്ടായിട്ടില്ലായെന്ന് പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്ട്സ് ബുക്ക് തെളിയിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പ്രകാരം 18-19 ൽ 4 കമ്മറ്റികൾ കൂടിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 04.07.18 ലെ ആദ്യ കമ്മറ്റിയിൽ പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങൽ, കമ്പ്യൂട്ടറുകൾക്ക് എ.എം.സി, എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് തുടങ്ങിയ പദ്ധതികൾക്ക് സിംഗിൾ ടെണ്ടറായതിനാൽ റീ ടെൻഡർ ക്ഷണിക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർന്ന് റീടെൻഡർ നടത്തിയത്, പർച്ചേസിംഗ് വിവരം എന്നിവയൊന്നും തന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മിനിട്ട്സ് ബുക്കിൽ പേജ് 138 മുതൽ 147 വരെ ശൂന്യമായി ഇട്ടിരിക്കുന്നു. തുടർന്ന് 11.01.19, 19.01.19, 07.03.19 എന്നീ തീയതികളിൽ നടത്തിയിട്ടുള്ള കമ്മറ്റികളിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡറുകൾ അംഗീകരിച്ച വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഓഡിറ്റ് വർഷം വികസന പദ്ധതിയിലുൾപ്പെടുത്തിയും അല്ലാതെയും വിവിധ പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ ക്വട്ടേഷൻ /ടെണ്ടർ പരിശോധിക്കുന്നതിലോ, ഗുണമേന്മ പരിശോധിച്ചുറപ്പാക്കുന്നതിലോ, നിർദ്ദേശങ്ങൾ, അന്തിമ അംഗീകാരം നല്കുന്നതിലോ പർച്ചേസ് കമ്മിറ്റി ഒരുവിധത്തിലും ഭാഗമായിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പലിക്കാതെ പർച്ചേസിംഗ് നടത്തിയത് ക്രമവിരുദ്ധമാണ്. പർച്ചേസിംഗിൽ നിയമപരമായ നടപടി ക്രമങ്ങൾ പാലിക്കേണ്ടതും, പ്രോക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കേണ്ടതാണ്.

**1-31 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല**

ഗ്രാമ പഞ്ചായത്തിൽ കരാറുകാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ (ജി.എസ്.ടി) ഒഴികെ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**1-32 തെരുവ് വിളക്കുകളുടെ പ്രവർത്തനം- പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 17.08.15 ലെ ജി2-44274/2015 നമ്പർ ഉത്തരവ്) തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ പ്രഥമ പരിഗണന അർഹിക്കുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിന് മേൽ സംവിധാനം അത്യാവശ്യമാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

**1-33 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു.**

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (3217/15/തസ്വഭവ. തീയതി.29.10.2015) പ്രകാരം പാലിയേറ്റീവ് പരിചരണ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന രോഗികളുടെ പേരുകൾ (മരണപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒഴികെ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ മേൽപ്പറഞ്ഞ ഉത്തരവിന്റെ തീയതി (29.10.15) മുതൽ 60 ദിവസത്തിനകം പ്രദർശിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നളിതുവരെ പാലിയേറ്റീവ് പരിചരണത്തിൽപ്പെട്ട രോഗികളുടെ പേരുകൾ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത ഉത്തരവ് നിബന്ധനയ്ക്ക് വിരുദ്ധമായാണ് പാലിയേറ്റീവ് പരിചരണത്തിനായി തൻവർഷം ഗ്രാമപഞ്ചായത്ത് 1070927/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായുള്ള ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

**1-34 ഗാർഹിക ബയോഗ്യാസ് പ്ലാന്റ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

3എ)പ്രോജക്ട് നം. -S0113/19

അടങ്കൽ - 141750/-വികസന ഫണ്ട്(ധന.കമ്മീഷൻ ഗ്രാന്റ്)

-165000/-ഗുണഭോക്തൃവിഹിതം

നിർവ്വഹണം-വി.ഇ.ഒ,കൊക്കോതമംഗലം

1.ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സന്നദ്ധരായ കുടുംബങ്ങൾക്ക് മാലിന്യസംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതായിരുന്നു പ്രോജക്ട്. (യൂണിറ്റ് കോസ്റ്റ്-10,500/-) ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) മുഖേനയായിരുന്നു പ്രോജക്ടിന്റെ നിർവ്വഹണം. നിർവ്വഹണ ഉദ്യോഗസ്ഥനും ഐ.ആർ. ടി.സി. സെക്രട്ടറിയും തമ്മിലുള്ള 19.12.18 ലെ ധാരണാപത്രം പ്രകാരം അടങ്കൽ തുകയുടെ 50% തുക അഡ്വാൻസായി നൽകുന്നതും ആയതിന്റെ 90% വിനിയോഗിച്ചതായ സർട്ടിഫിക്കറ്റ് നൽകുന്ന് മുറയ്ക്ക് അടുത്ത ഗഡു IRTC -PIU വിന് നൽകേണ്ടതുമാണ്. ഇതു പ്രകാരം 27 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റിനായി യൂണിറ്റ് കോസ്റ്റിന്റെ 50% 23.01.2019 ൽ 1,41,750/- രൂപ (ബിൽ നം. 18/18-19) IRTC Project Implementing Unit ന് നൽകി. തുക വിനിയോഗിച്ചതായ സർട്ടിഫിക്കറ്റ് കൂടാതെ തന്നെ 26.03.19ൽ ബാക്കി തുകയായ 1,41,750/- രൂപയും(ഗു.വി.) നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയപ്പോൾ 16.10.2018ൽ 27 പ്ലാന്റ് സ്ഥാപിച്ചതിന് 2,83,500/- രൂപ ചെലവഴിച്ചതായി IRTC -PIU സെക്രട്ടറി നൽകിയ യൂട്ടലൈസേഷൻ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. അതായത് ധാരാണാപത്രം ഒപ്പു വയ്ക്കുന്നതിന് മുൻപ് തന്നെ യൂട്ടലൈസേഷൻ സർട്ടിഫിക്കറ്റ് സ്ഥാപനം നൽകി.

2. ധനസഹായത്തിനുള്ള ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ അപേക്ഷയോടോപ്പം തന്നെ ബയോഗ്യാസ് പ്ലാന്റിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന വിവരവും രേഖപ്പെടുത്തിയിട്ടുണ്ട് (അഡ്വാൻസ് നൽകുന്നതിന് മുൻപ് തന്നെ). ആയത് ക്രമപ്രകാരമല്ല. കൂടാതെ മോണിട്ടറിംഗ് സമിതി പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

3.ഓരോ ഗുണഭോക്താവിൽ നിന്നും 5,500/-രൂപ വീതം ആകെ 1,48,500/- രൂപയാണ് ഗുണഭോക്തൃവിഹിതമായി ഈടാക്കിയിട്ടുള്ളത്. എന്നാൽ 27 പേരുടെ വിഹിതമായി 1,41,750/- രൂപ യാണ് (@5,250/-) സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ബാക്കിയുള്ള ഗുണഭോക്തൃവിഹിതം 6,750/-രൂപ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ശേഷിക്കുന്നുണ്ടെന്ന് വിൽഇ.ഒ. ഓഡിറ്റ് അന്വേഷണത്തിന്(നം.24/19.08.19) മറുപടിനൽകിയിട്ടുണ്ട്. ഈ തുക ഒരാൾക്ക് 250/-രൂപ വീതം ഗുണഭോക്താക്കൾക്ക് തിരികെ നൽകി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-35 എസ്.സി./എസ്.റ്റി.വിദ്യാർത്ഥികൾക്ക് പഠനമുറി -പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ**

നിർവ്വഹണം-അസി.സെക്രട്ടറി
സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം.22/2018/ തസ്വഭവ,തീയതി14.02.18) 07.02.17 നിബന്ധന പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50,000/- രൂപ മുൻകൂറായി നൽകാവുന്നതുമാണ്. എന്നാൽ അംഗീകൃത പ്രോജക്ടിൽ ഒരാൾക്ക് ഒരു ലക്ഷം രൂപ വീതമാണ് അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്.

അപേക്ഷയോടൊപ്പം എൽ.എസ്.ജി.ഡി.അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ ഒരു എസ്റ്റിമേറ്റ് മാത്രമാണ് ഉള്ളത്. പൂർത്തിയാക്കിയ പ്രവൃത്തി മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും നിർമ്മിച്ച പഠനമുറിയുടെ വിസ്തൃതി സാക്ഷ്യപ്പെടുത്തുകയോ പ്രവൃത്തി മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല .

വിശദാംശം ചുവടെ ചേർക്കുന്നു

(1) പ്രോജക്ട് നം.- S0125/19

എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ -6,00,000/-വികസന ഫണ്ട്(എസ്.സി.പി)

| ഗുണഭോക്താവ് | നൽകിയ തുക | ബിൽ നം./തീയതി/ തുക | റിമാർക്സ് |
|---|---|---|---|
| മീന D/Oഉദയൻ | 50,000/- | 12-18-19/16.10.18/1,00,000/- | പഠനമുറി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മുറിയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. |
| | 50,000/- | 23-18-19/19.02.19/50,000/- | |
| അഡ്വാൻസ് കൈപ്പറ്റി പഠനമുറി പൂർത്തിയാക്കാനുള്ളവർ | | | |
| കൃഷ്ണദാസ് .പി. S/Oപുരുഷോത്തമൻ | 50,000/- | 12-18-19/16.10.18/1,00,000/- | അഡ്വാൻസ് |
| നന്ദന പി.എസ്. D/Oസൗമ്യ | 50,000/- | 18-18-19/21.12.18/1,00,000/- | അഡ്വാൻസ് |
| ശാരിമ D/Oപ്രകാശ് | 50,000/- | 18-18-19/21.12.18/1,00,000/- | അഡ്വാൻസ് |
| നന്ദന D/Oസാജു | 50,000/- | 22-18-19/13.02.19/50,000/- | അഡ്വാൻസ് |
| ദേവികാദാസ് D/Oശ്രീകല | 44,700/- | 25-18-19/28.02.19/44,700/- | അഡ്വാൻസ് |
| ആകെ | 3,44,700/- | | |

(2) പ്രോജക്ട് നം.- S0124/19

എസ്.റ്റി.വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ -2,00,000/-വികസന ഫണ്ട്( റ്റി.എസ്.പി)

| ഗുണഭോക്താവ് | നൽകിയ തുക | ബിൽ നം./തീയതി/ തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| പ്രജിത്ത് S/Oജയൻ | 18,500/-<br>(അഡ്വാൻസ് ) | 21-18-19/5.2.19/<br>18,500/- | |

(3)പ്രോജക്ട് നം.- S0162/19

എസ്.റ്റി.വിദ്യാർത്ഥികൾക്ക് പഠനമുറി -സ്പിൽ ഓവർ പ്രോജക്ട്

അടങ്കൽ -1,31,000/-വികസന ഫണ്ട്( റ്റി.എസ്.പി)

-19,000/-തനത് ഫണ്ട്

| ഗുണഭോക്താവ് | നൽകിയ തുക | ബിൽ നം./തീയതി/ തുക | റിമാർക്സ് |
|---|---|---|---|
| വിനോദ് | 31,000/- | 7-18-19/29.06.18/31,000/- | പഠനമുറി പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ മുറിയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല. |
| | 19,000/-(തനത് ഫണ്ട് )ചെക്ക് നം.2471327/28.07.18 | | |
| മഹേശൻ | 50,000/- | 10-18-19/23.08.18/1,00,000/- | |
| ഗിരിജകുമാരി | 50,000/- | 10-18-19/23.08.18/1,00,000/- | |

ഓരോ ഗുണഭോക്താവിന്റെയും ആവശ്യകത പരിഗണിക്കാതെ ഓരേപോലെയുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്(1,10,000/-).പിന്നീട് അതേ തുകയ്ക്ക് തന്നെ പഠനമുറി പൂർത്തിയാക്കിയവർ മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കളിൽ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/ )നന്ദന d/oസാജു ഒഴികെ ബാക്കിയുള്ളവരുടെ പഠനമുറി 2019-20ൽ പൂർത്തീകരിച്ചതായും വരും വർഷങ്ങളിൽ പൂർത്തിയാക്കിയ പഠനമുറിയുടെ വിസ്തീർണ്ണം കൂടി രേഖപ്പെടുത്തി മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. അഡ്വാൻസ് കൈപ്പറ്റിയവർ പഠനമുറി പൂർത്തിയാക്കിയെന്ന് ഉറപ്പു വരുത്തേണ്ടതും പഠനമുറിയുടെ വിസ്തീർണ്ണം സർക്കാർ നിർദ്ദേശിച്ച പരിധി ലംഘിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

**1-36** കിഴങ്ങ് വർഗ്ഗ കിറ്റ് – അടങ്കൽ തുകയിൽ അധികം ചെലവഴിച്ചു.

2018-19 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം- S0036/19) ഫണ്ട് വകയിരുത്തൽ താഴെ ചേർക്കുന്നു.

വികസനഫണ്ട് - 500250

ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത് ) - 86250

ആകെ അടങ്കൽ - 586500/-

ചെലവ് - CB8/18-19/26.12.18 തുക.500250/-

ചെക്ക് നം. 2766217/19.3.19 തുക. 97750/-

ഗ്രാമ പഞ്ചായത്തിലെ 1150 ഗുണഭോക്താക്കൾക്ക് കിഴങ്ങ് വർഗ്ഗ കിറ്റ് നൽകുന്നതിന് ലക്ഷ്യമിട്ട പ്രോജക്ടിൽ , VFPCK യുടെ 13.11.18 ലെ VFPCK/ALP/18-19/008 നമ്പർ ഇൻവോയ്സ് പ്രകാരം, 598000/- രൂപ ചെലവഴിച്ച് കിറ്റൊന്നിന് 520/-രൂപ നിരക്കിൽ 1150, planting material tuber kits (കിറ്റൊന്നിൽ 6kgചേന, ചേമ്പ്, നനകിഴങ്ങ്എന്നിവ ഉൾപ്പടുന്നു) വാങ്ങിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം ഉൾപ്പടെയുള്ള ആകെ വകയിരുത്തൽ 586500/-

രൂപയാണ്. ചെലവ് പത്രിക പ്രകാരമുള്ള ചെലവും 586500/-എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ പ്രോജക്ട് റിവൈസ് ചെയ്യാതെ ഗുണഭോക്തൃവിഹിതം ഇനത്തിൽ വകയിരുത്തിയിരുന്ന 86250/-വ്യതിചലിച്ച് ഗുണഭോക്താക്കളിൽ നിന്നും 97750/- ഈടാക്കി VFPCKക്ക് നൽകി.പ്രോജക്ട് റിവൈസ് ചെയ്യാതെ ഗുണഭോക്താക്കളിൽ നിന്നും കൂടുതൽ തുക ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് 22.08.19ന് ൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34), വില നിലവാരത്തിൽ വന്ന മാറ്റം കാരണം പ്രോജക്ടിൽ കാണിച്ചിരിക്കുന്ന ഗുണഭോക്തൃവിഹിതത്തേക്കാൾ അധികമായി വേണ്ടിവന്നു. പ്രോജക്ട് റിവൈസ് ചെയ്യാൻ കാത്തുനിൽക്കാതെ നടപ്പിലാക്കാൻ തുടങ്ങിയതുകൊണ്ടാണ് ഗുണഭോക്താക്കളിൽ നിന്ന് അധിക തുക ഈടാക്കേണ്ടിവന്നത് എന്ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. അംഗീകരിച്ച പ്രോജക്ടിൽ വകയിരുത്താത്ത തുക, പ്രോജക്ട് റിവൈസ് ചെയ്യാതെ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ നടപടി ക്രമവിരുദ്ധമാണ്. ഇത്തരം വീഴ്ചകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-37 സർക്കാർ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം – ആവശ്യത്തിലധികം ലാപ് ടോപ്പ് വാങ്ങി.

2018-19 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്), 800000രൂപ വകയിരുത്തി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ് വെള്ളിയാകുളം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടാണ്, സർക്കാർ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം(പ്രോജക്ട് നം S0137/19).

ചെലവ് വിവരം -ബിൽ നം.37/18/30.7.18. തുക. 799600/-

പ്രോജക്ട് പ്രകാരം, സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ളാസ് റൂം സജ്ജീകരിക്കുകയാണ് ലക്ഷ്യം. ടെൻഡർ സമർപ്പിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ R.J.Enterprises,Kottayam എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Description | Qty | Rate | Amount | CGST | SGST | Amount |
|---|---|---|---|---|---|---|
| Projector Epson EB 525W | 4 | 32812.50 | 131250 | 18375 | 18375 | 168000 |
| Magnetic Green Board 6X4 | 4 | 3389.83 | 13559.32 | 1220.34 | 1220.34 | 16000 |
| Raptor IR Interactive Board RYTC080 | 4 | 22796.61 | 91186.44 | 8206.78 | 8206.78 | 107600 |
| Wallmount Kit 6FIT | 4 | 4152.54 | 16610.16 | 1494.91 | 1494.91 | 19599.98 |
| Portable Amplifier5 CORE | 5 | 7203.39 | 36016.95 | 3241.53 | 3241.53 | 42500.01 |
| Steel Almirah | 4 | 3305.08 | 13220.32 | 1189.83 | 1189.83 | 15599.98 |
| Study Chair with pad | 119 | 1440.68 | 171440.92 | 15429.68 | 15429.68 | 202300.20 |
| Laptop Computer ACER 13 | 8 | 24152.54 | 193220.32 | 17389.83 | 17389.83 | 227999.98 |
| Grand Total | | | | | | 799600 |

പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്മാർട്ട്ക്ളാസ് ഉപകരണങ്ങൾ താഴെ ചേർക്കുന്ന സ്കൂളുകളിലാണ് നൽകിയത്.

ജി.എൽ.പി.എസ്. മരുത്തോർവട്ടം

ജി.എൽ.പി.എസ്. വാരനാട്

ജി.എൽ.പി.എസ്. തണ്ണീർമുക്കം

ജി.യു.പി.എസ്. വെള്ളിയാകുളം

വാങ്ങിയ ഉപകരണങ്ങൾ സ്കൂളുകൾ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൈപ്പറ്റ് രസീതുകൾ പിന്നീട് ഹാജരാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ സ്കൂളുകളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. നാല് സ്കൂളുകളിലാണ് സ്മാർട്ട്ക്ളാസ് റൂം നടപ്പിലാക്കിയത്. അംഗീകൃത പ്രോജക്ട് പ്രകാരം ആയതിന് 4 ലാപ് ടോപ്പുകൾ മതിയെന്നിരിക്കെ 8 ലാപ്പ് ടോപ്പുകളാണ് മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയത്. ഇതിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ജി.യു.പി.എസ്. വെള്ളിയാകുളം ഹെഡ് മിസ്ട്രസ് 5 ലാപ് ടോപ്പുകളും, ശേഷിക്കുന്ന മൂന്ന് സ്കൂളുകൾ 1 ലാപ് ടോപ്പ് വീതവും കൈപ്പറ്റി. ഒരു

സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിനാവശ്യമായ അനുബന്ധഉപകരണങ്ങളോടൊപ്പം 1 ലാപ് ടോപ്പ് മതിയെന്നിരിക്കെ ജി.യു.പി.എസ്. വെള്ളിയാകുളം 4 ലാപ്പ് ടോപ്പുകൾ അധികം കൈപ്പറ്റിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. തന്മൂലം 4 ലാപ്പ്ടോപ്പുകൾക്കായി പദ്ധതിക്കു കീഴിൽ 114000/- രൂപ അധികം ചെലവഴിച്ചു. ആവശ്യകത പരിഗണിക്കാതെയാണ് പ്രോജക്റ്റുകൾ തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. സ.ഉ(സാധാ) നം.97/2018/ പൊ.വി.വ./തീ.06.01.2018 ൽ നിഷ്കർഷിച്ചിരിക്കുന്നതിന്റെയടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

**1-38 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ**

<u>കെട്ടിടം</u> -തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 44 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 32 എണ്ണം സ്വന്തം കെട്ടിടത്തിലും 12 എണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. രണ്ട് അങ്കണവാടികളുടെ നിർമ്മാണം പുരോഗമിക്കുന്നു (നം83&93). സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും കെട്ടിടം നിർമ്മിക്കുവാൻ നടപടിസ്വീകരിച്ചിട്ടില്ലാത്ത രണ്ട് അങ്കണവാടികൾ ഉണ്ട്. (നം.57&81). ഇവയ്ക്ക് കെട്ടിടം നിർമ്മിക്കുവാൻ പി.ഡബ്ലിയു.ഡി.യിലേയ്ക്ക് ഫണ്ട് ഡോപ്പോസിറ്റ് ചെയ്തിട്ടുണ്ട് എന്ന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

<u>കുടിവെള്ളം</u>- 24 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഉണ്ട്. 20 എണ്ണം പൊതുടാപ്പുകളെയാണ് ആശ്രയിക്കുന്നത്.

<u>ടോയ് ലെറ്റ്</u>- സ്വന്തമായി കെട്ടിടമുള്ള 32 അങ്കണവാടികൾക്കും ടോയ് ലെറ്റ് സൗകര്യം ഉണ്ടെങ്കിലും 5 എണ്ണം ഉപയോഗശൂന്യമാണ്.(നം.78, 90, 94, 95, 97)

<u>വൈദ്യുതി</u>- 32 അങ്കണവാടികൾക്ക് മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്.

<u>ചുറ്റുമതിൽ</u>- സ്വന്തമായി കെട്ടിടമുള്ള 32 അങ്കണവാടികളിൽ 24 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത് .

<u>ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം-</u> എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

<u>ഫിറ്റ്നസ് സർട്ടിഫിക്കറ്റ്</u>- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2018-19 വർഷം എല്ലാ അങ്കണവാടികൾക്കും ലഭിച്ചിട്ടുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 12 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, കുടിവെള്ളകണക്ഷൻ, വൈദ്യുതി തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

# 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഒടുക്കിയതിൽ കുറവുണ്ടായിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര്,ഉദ്യോഗപ്പേര് | സ്റ്റേറ്റ്മെൻറിൽ രേഖപ്പെടുത്തിയ വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| ഗവ.എച്ച.എസ് | ഷിഫാമോൾ,എച്ച്, | 131100/- | 1250/- | 1000/- | 250 |

| | | | | | |
|---|---|---|---|---|---|
| തണ്ണീർമുക്കം | എൽഡി.സി | | | | |
| കിൻഡർ ഹോസ്പിറ്റൽ | ജെൻസി ജയിംസ്, സീനി. സ്റ്റാഫ് നഴ്സ് | 125007 | 1250/- | 1000/- | 250 |
| | ബെൻസി ജോസഫ്, സീനി. സ്റ്റാഫ് നഴ്സ് | 125007 | 1250/- | 1000/- | 250 |
| | സോണി ജിമീഷ്, സീനി. സ്റ്റാഫ് നഴ്സ് | 125013 | 1250/- | 1000/- | 250 |
| | ആഷാ രമണൻ എസ്, സ്റ്റാഫ് നഴ്സ് | 125013 | 1250/- | 1000/- | 250 |
| | മനു മാത്യു, സീനി. സ്റ്റാഫ് നഴ്സ് | 125007 | 1250/- | 1000/- | 250 |
| | ജാൻസി ഗ്രിഗറി, സീനി. സ്റ്റാഫ് നഴ്സ് | 125013 | 1250/- | 1000/- | 250 |
| | അഞ്ജു റ്റി ആർ, സ്റ്റാഫ് നഴ്സ് | 75262 | 750/- | 600/- | 150 |
| | പ്രിയങ്കാ ജോസഫ്, സ്റ്റാഫ് നഴ്സ് | 100491 | 1000/- | 750 | 250 |
| | ഫസീനാമ്മ, ഹോസ്പിറ്റാലിറ്റി | 78442 | 750/- | 600/- | 150 |
| | മേരി ഡയാനാ പോൾ | 75083 | 750 | 600 | 150 |
| | സോണിയാ ജോസ്, സ്റ്റാഫ് നഴ്സ് | 125013 | 1250 | 1000 | 250 |
| | ശ്രീജ എൻ.എസ് | 104996 | 1000 | 750 | 250 |
| | ദീപ്തി കെ എം | 100620 | 1000 | 750 | 250 |
| ആകെ | | | | | 3200/- |

കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 എഞ്ചിനീയറിംഗ് വിഭാഗത്തിന് വാടക, വാഹനം -

# നടപടിക്രമം പാലിച്ചില്ല; അധിക ചെലവ്

(എ)ഗ്രാമ പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിന് സൈറ്റുകൾ സന്ദർശിക്കുന്നതിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതിനും ട്രിപ്പ് ഷീറ്റ്, യാത്രാ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും എൽ.എസ്.ജി.ഡി.അസി.എൻജിനീയറെ ചുമതലപ്പെടുത്തി 29.08.2018 ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാനം നം.1-11). ഇതുപ്രകാരം ഗ്രാമ പഞ്ചായത്തിലെ അസി.എൻജിനീയർ വാഹനം വാടകയ്ക്ക് എടുക്കുകയും, സെപ്റ്റംബർ 2018ൽ 9 ദിവസവും ഒക്ടോബർ മാസം 23 ദിവസവും 1,300/- നിരക്കിൽ ശ്രീ.ദിനുവിന് 41,600/- (ചെക്ക് നം.47533/തീയതി.24.12.18) വാടക തനത്ഫണ്ടിൽ നിന്ന് നൽകുകയും ചെയ്തിട്ടുണ്ട് (വാഹന നമ്പർ -KL 32 M 2777 ). എന്നാൽ വാടകക്ക് എടുത്ത വാഹന ഉടമയുമായി വെച്ച കരാർ, ട്രിപ്പ് ഷീറ്റ്, യാത്രാ വിവരങ്ങൾ എന്നിവ ഇല്ലാതെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് വാടക നൽകിയിരിക്കുന്നത്.

(ബി)തുടർന്ന് 14.03.2018 ലെ സ.ഉ.(സാധാ) നം. 690/18 ത.സ്വ.ഭ.വ.നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അസി.എഞ്ചിനീയർ 29.08.18ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ ഹരികുമാർ, വടക്കേകളത്തിലിന്റെ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട് (വാഹന നമ്പർ-KL39E 5066). ഹരികുമാർ വാഹനം ശ്യാംജിത്ത്, വെളുത്തേടത്ത്ചിറ എന്ന വ്യക്തിക്ക് കൈമാറിയതിനാൽ ടിയാനുമായിട്ടാണ് അസി.എൻജിനീയർ 05.11.2018ൽ കരാർ ചെയ്തത്. കരാർ പ്രകാരം കി.മീ. 15/-രൂപയും detension 425/-രൂപയുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കരാർ കാലയളവിന് മുൻപ് നൽകി വാടക ദിവസം 1,300/- നിരക്കിൽ തന്നെയാണ് തുക നൽകിയിരിക്കുന്നത്. വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള ലോഗ് ബുക്ക് പ്രകാരം 02.11.18 മുതൽ വാഹനം ഓടിയതായി കാണുന്നു. വാഹനത്തിന്റെ നമ്പർ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ശ്യാംജിത്തുമായി കരാർ നിലവിലുള്ള 2018 നവംബർ മുതൽ 2019 ഫെബ്രുവരി വരെ കാലയളവിലും KL 32 M 2777 വാഹനത്തിന്റെ ഉടമയായ ദിനു എന്നയാൾക്കാണ് ടിയാളുടെ അപേക്ഷപ്രകാരം തുക നൽകിയിരിക്കുന്നത്. 2019 മാർച്ച് മുതൽ വാഹനം ഓടിയതിന്റെ വാടക മാത്രമാണ് ശ്യാംജിത്തിന് നൽകിയിട്ടുള്ളത്.

(സി) സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് ഉപയോഗിക്കുന്നതിന് പ്രതിവർഷം ചെലവഴിക്കാവുന്ന തനത് ഫണ്ട് പരമാവധി 75,000/-രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. (സ.ഉ(സാധാ)നം.2493/2012/തസ്വഭവ. തീയതി. 03.09.12). എന്നാൽ 2018 സെപ്റ്റംബർ മുതൽ മാർച്ച് വരെ ആറ് മാസം ആകെ 1,88,500/- രൂപ ഈയിനത്തിൽ തനത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

(ഡി) ലോഗ് ബുക്ക് അനുസരിച്ച് 2018 നവംബറിൽ 17 ദിവസമാണ് വാഹനം ഓടിയിട്ടുള്ളത്. എന്നാൽ 22 ദിവസത്തെ വാടക ശ്രീ.ദിനുവിന് നൽകിയിട്ടുണ്ട്

നൽകിയ തുക22 x1300=28600(ചെക്ക് നം. 47607 തീയതി.20.02.19)

നൽകേണ്ടതുക 17 x 1300=22100

അധികം നൽകിയത് – 6,500/-രൂപ

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/23.08.19)മറുപടി ലഭ്യമാക്കിയില്ല.

വാഹന വാടക അധികം നൽകിയ 6,500/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ രേഖകൾ ഇല്ലാതെ ചെലവഴിച്ച 41600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ വിഷയിത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 600000 | പാലിന് സബ്സിഡി | 600000 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | |
| | | 187748 | നെൽകൃഷിക്ക് കൂലി ചെലവ് | 187748 | |
| | | 345000 | തെങ്ങിൻതൈ നഴ്സറി | 345000 | |
| | | 1000000 | വൈദ്യുതി ലൈൻ നീട്ടൽ | 1000000 | |
| | | 1520376 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 1520376 | |
| | | 394000 | ലൈഫ് ഭവന പദ്ധതി(എസ്.റ്റി) | 330000 | 64000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 750000 | വൈദ്യുതി ലൈൻ നീട്ടൽ | 720207 | 29793 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | |
| | | 2791801 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 2791801 | |
| | | 580000 | അങ്കണവാടി കെട്ടിട നിർമ്മാണം | 0 | 580000 |

**4-2. <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 21801233/23.03.19 | 1000000 | 0 | 1000000 |
| | | 21801234/23.03.19 | 720207 | 0 | 720207 |
| | | 21800298/24.07.18 | 51548 | 0 | 51548 |
| | | | 15,00,000 | 0 | 15,00,000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 16/23.10.18 | 200000 | 0 | 200000 |

**4-3. <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>**

ഇല്ല

**4-4. <u>വായ്പ/ വായ്പ തിരിച്ചടവ്</u>**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഹഡ്കോ-ലൈഫ് ഭവന നിർമ്മാണ പദ്ധതി | | 5,39,60,000 | 0 | | | 5,39,60,000 |

**4-5. സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7597845 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 580235 |
| ആകെ | 8178080 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷ്പം | 8178080 |

**4-6. ഓഡിറ്റ് റിക്കവറി**

ഇല്ല

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 14 | 2003-04 | 7 | പിഴപ്പലിശ ഒടുക്കിയിട്ടില്ല | |
| 1999-2000 | 33 | 2003-04 | 7 | വിത്ത് വിതരണം-അപാകത | |
| 1999-2000 | 35 | 2003-04 | 7 | നെൽവിത്ത്-അപാകത | |
| 1999-2000 | 36 | 2003-04 | 7 | മണ്ഡരി രോഗ നിയന്ത്രണം | |
| | | | | | |

**4-8. ചാർജ് / സർചാർജ് നടപടികളുടെ വിവരം**

**ഇല്ല**

**4-9. <u>ഓഡിറ്റ് പ്രത്യവലോകനം</u>**

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 200616468 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 163727815 |
| വരവിനങ്ങളിലുള്ള നഷ്ടം | 3200 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6461109 |

**(ബി)** <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3,200 | | ശ്രീ.സാജുമോൻ പത്രോസ്,സെക്രട്ടറി |
| 3-1(ഡി) | | 6,500 | ശ്രീ.സാജുമോൻ പത്രോസ്,സെക്രട്ടറി |
| **ആകെ** | 3,200 | 6,500 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(എ) | 41,600 | ശ്രീ.സാജുമോൻ പത്രോസ്,സെക്രട്ടറി |
| 1-21 | 34,71,755 | ശ്രീ.സാജുമോൻ പത്രോസ്,സെക്രട്ടറി |
| 1-27(1) | 6,88,584 | ഡോ.ജയന്തി സി, മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| 1-27(2) | 85,925 | ഡോ.കെ.വി മോഹൻദാസ്, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 1-28 | 9,73,245 | ശ്രീ.സാജുമോൻ പത്രോസ്,സെക്രട്ടറി |
| 1-29 | 12,00,000 | ശ്രീമതി.സീന ജി.ആർ, അസി.എഞ്ചിനീയർ |
| ആകെ | 64,61,109 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിജി.എസ്സ്, സെക്രട്ടറി | സെക്രട്ടറി, പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് | ഐശ്വര്യ തിരുവമ്പാടി.പി.ഒ ആലപ്പുഴ |
| ശ്രീ.സാജുമോൻപത്രോസ്, സെക്രട്ടറി | സെക്രട്ടറി, മുട്ടാർ ഗ്രാമ പഞ്ചായത്ത് | തെക്കംതറ വൈശ്യംഭാഗം.പി.ഒ വണ്ടാനം.പി.ഒ ആലപ്പുഴ |
| ശ്രീമതി.സീന.ജി.ആർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി,തണ്ണീർമുക്കം | ചൈത്രം,മുഹമ്മ പി.ഒ |
| ഡോ.ജയന്തി.സി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുഹമ്മ | കരിപ്പാടപ്പള്ളിൽ ഹൗസ്,കുടവെച്ചൂർ |
| ഡോ.കെ.വി.മോഹൻദാസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ,തണ്ണീർമുക്കം | തോണിപ്പുരയ്ക്കൽ, മരുത്തോർവട്ടം.പി.ഒ |

**<u>4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 (വരവ്-ചെലവ്) | എൽ.എഫ്.ജി.എ5/1182/2011/19.01.2012 |
| 2001-02 (ചെലവ്-പദ്ധതി വിഹിതം ഒഴികെ) | എൽ.എഫ്.ജി.എ5-1182/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1182/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1182/11/19.01.12 |
| 2005-06 (ചെലവ്) | എൽ.എഫ്.ജി.എ5-1182/11/19.01.12 |
| 2006-07 | എൽ.എഫ്.ജി.എ16-925/10/19.02.11/28.02.11 |
| | |

| | |
|---|---|
| 2007-08 | എൽ.എഫ്.ജി.എ9-603/11/10.01.12/13.06.12 |
| 2008-09 | എൽ.എഫ്.ജി.എ9-374/12/06.07.12/03.09.12 |
| 2009-10 | എൽ.എഫ്.ജി.എ9-343/12/06.07.12/03.09.12 |
| 2010-11&<br>2011-12 | എൽ.എഫ്.എ.പി1-625/12/21.01.14/15.03.14 |
| 2012-13 | എൽ.എഫ്.എ.പി1-101/15/07.04.15/29.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി1/1033/15/15.09.15/17.10.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി1-819/2016/26.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി1-1255/16/15.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി13-1124/17/13.09.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി/പി13-1619/2018/10.01.2019 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

# അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി-പി13-538/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി:27.06.2019

ഫോൺ: 0477 2252753

e-mail: ddhglfalpy@gmail.com

**സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം - 2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്